# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.697 — 11.07.2016 ൽ മറുപടിക്ക്

**എം. എൽ. എ. മാരുടെ പി.എ. മാർക്ക് സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ തടസ്സം**

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ് | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി., കെ.എസ്.ആർ.റ്റി.സി., മുതലായ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും എം.എൽ.എ. മാരുടെ പി.എ.മാരായി വരുന്നവർക്ക് സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | 2006 ലെ സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ (Rules for the Allotment & Occupation of Government Servant's Quarters in Kerala, 2006) ചട്ടം 10 പ്രകാരം സംസ്ഥാനത്തെ മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ഗവണ്മെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫുകൾക്ക് മാത്രമാണ് സർക്കാർ ക്വാർട്ടേഴ്സുകൾ സംവരണം ചെയ്തിരിക്കുന്നത്. എം.എൽ.എ മാരുടെ പി.എ. മാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥയില്ല. |
| (ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഇത് പരിഹരിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതായുണ്ട്. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പി.എ.മാരായി ഡെപ്യൂട്ടേഷനിൽ എത്തുമ്പോൾ ഖജനാവിൽ നിന്നും ശമ്പളം ലഭിക്കുന്നതുകൊണ്ട് ക്വാർട്ടേഴ്സുകൾ നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (സി) & | പരിശോധിക്കുന്നതാണ്. |
| (ഡി) മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്കു നൽകുന്നതു പോലെ എം.എൽ.എ. മാരുടെ പി.എ. മാർക്കും പത്ത് ശതമാനം സർക്കാർ ക്വാർട്ടേഴ്സുകൾ മാറ്റിവെയ്ക്കാൻ ഉത്തരവ് നല്കുമോ? | (ഡി) | |

സെക്ഷൻ ഓഫീസർ